അദ്ധ്യായം നൂറ്റിപതിമൂന്ന്

## അൽ ഫലഖ് (പ്രഭാതോദയം)

അവതരണം മക്കയിൽ, വചനങ്ങൾ 5

### അദ്ധ്യായ പരിചയം:

മക്കയിലാണ് ഈ അദ്ധ്യായം അവതരിച്ചത്. അഞ്ച് സൂക്തങ്ങളിലായാണ് ഈ അദ്ധ്യായത്തിന്റെ പ്രതിപാദ്യം അടങ്ങിയിരിക്കുന്നത്. പ്രവാചകൻ മുഹമ്മദി(സ)നെ അദ്ദേഹത്തിന്റെ ശത്രുക്കൾ ശാരീരികമായും മാനസികമായും പ്രയാസപ്പെടുത്തിയ ഘട്ടത്തിലാണ് അദ്ദേഹത്തിനും അതിലൂടെ മുഴുവൻ ഏകദൈവവിശ്വാസികൾക്കും സമാധാനമായി അല്ലാഹു മുൻ അദ്ധ്യായത്തെപ്പോലെ ഈ അദ്ധ്യായവും അരുളിയത്.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

قُلْ أَعُوذُ بِرَبِّ ٱلْفَلَقِ ﴿١﴾ مِن شَرِّ مَا خَلَقَ ﴿٢﴾ وَمِن شَرِّ غَاسِقٍ إِذَا وَقَبَ
﴿٣﴾ وَمِن شَرِّ ٱلنَّفَّٰثَٰتِ فِى ٱلْعُقَدِ ﴿٤﴾ وَمِن شَرِّ حَاسِدٍ إِذَا حَسَدَ ﴿٥﴾

### അർഥം:

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. പറയുക: പ്രഭാതത്തിന്റെ നാഥനോട് ഞാൻ ശരണം തേടുന്നു.
2. അവൻ സൃഷ്ടിച്ചവയുടെ ഉപദ്രവത്തിൽനിന്നും.
3. ഇരുൾ മൂടുമ്പോൾ രാവിന്റെ ദ്രോഹത്തിൽനിന്നും.
4. കെട്ടുകളിൽ ഊതുന്നവരുടെ ദ്രോഹത്തിൽനിന്നും.
5. അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ ഉപദ്രവത്തിൽനിന്നും.

### വിശദീകരണം.

പിശാചിന്റെയും അവന്റെ കൂട്ടാളികളുടെയും ദ്രോഹത്തിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹുവിന്റെ വ്യത്യസ്തമായ ചില ഗുണങ്ങൾ എടുത്തോതി പ്രാർഥിക്കാൻ വിശ്വാസികളെ തെര്യപ്പെടുത്തുകയാണ് ഈ അദ്ധ്യായത്തിലൂടെ അല്ലാഹു ചെയ്യുന്നത്. മനുഷ്യന്റെ പ്രാർഥന അവൻ വേഗം സ്വീകരിക്കാൻ അതാണ് ഏറെ അനുയോജ്യമായ രീതി.

ഏതെങ്കിലും സൃഷ്ടികളുടെയല്ല എല്ലാ സൃഷ്ടികളുടെയും ഉപദ്രവത്തിൽനിന്ന് തന്റെ രക്ഷിതാവിനോട് ശരണം തേടാൻ വിശ്വാസിയെ ഉദ്ബോധിപ്പിക്കുകയാണ് ഈ അദ്ധ്യായത്തിലൂടെ ചെയ്യുന്നത്.

ശരണം തേടുന്നവനും അയാളുടെ കർമവും ശരണം തേടപ്പെടുന്നവനും പരസ്പരം പൂരകങ്ങളാണ്. ശരണം തേടുന്നവൻ തുറന്നു സമ്മതിക്കുന്നു, തന്നെ ഉപദ്രവിക്കുന്ന സംഗതിയെ നേരിടുകയെന്നത് എന്റെ കഴിവിൽ പെട്ടതല്ല, അതിന് ശക്തൻ അല്ലാഹു മാത്രമാണ്.

അവൻ വിശ്വസിക്കുന്നു, തന്നെ ഉപദ്രവിക്കുന്ന ശക്തിക്ക് തന്റെ നാഥനെ തോല്പിച്ചു എനിക്ക് ഒരാപത്തും വരുത്താനാകില്ല. ഈ വസ്തുതകൾ മുമ്പിൽ വെച്ചുകൊണ്ടാണ് അവൻ തന്റെ നിസ്സഹായത തുറന്നു പറയുന്നതും അല്ലാഹുവിനോട് സഹായമർഥിക്കുന്നതും.

രണ്ട് കാര്യങ്ങൾ ഇവിടെ മനസ്സിലാക്കണം. ഒന്ന്, ശരണം നല്കാൻ ഏറ്റവും അനുയോജ്യൻ പ്രപഞ്ചസ്രഷ്ടാവാണ്. രണ്ട്, ഒരാൾ ശരണം തേടുന്നത് തന്നെ ഉപദ്രവിക്കുന്ന സൃഷ്ടികളുടെ ഉപദ്രവത്തിൽ നിന്നാണ്. അതാകട്ടെ അവയുടെ ഏതെങ്കിലും ചില ഉപദ്രവത്തിൽ നിന്നല്ല, സമ്പൂർണ നാശത്തിൽനിന്നാണ്. അതിപ്രകാരമാണ്:

ഒന്ന്, എല്ലാ സൃഷ്ടികളുടെയും ഉപദ്രവത്തിൽനിന്ന്.

രണ്ട്, പകൽ സമയങ്ങളിൽ സൃഷ്ടികൾ ചെയ്യുന്ന ഉപദ്രവത്തിൽനിന്ന്.

മൂന്ന്, രാവിൽ സൃഷ്ടികൾ ചെയ്യുന്ന എല്ലാ വിധ ഉപദ്രവങ്ങളിൽനിന്നും.

നാല്, മാരണം പോലുള്ള ഉപദ്രവങ്ങളിൽനിന്ന്.

അഞ്ച്, മനുഷ്യരുടെ അസൂയ നിമിത്തമുണ്ടാകുന്ന ഉപദ്രവത്തിൽനിന്ന്.

ഇതിൽനിന്നൊക്കെ നമ്മെ രക്ഷിക്കാനുള്ള ശക്തി അല്ലാഹുവിന് മാത്രമാണുള്ളത്. അത്തരം വിശ്വാസം അനിവാര്യമായും ഈ പ്രാർഥനക്ക് ഉണ്ടായിരിക്കണം.